**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *18** | **12.01.2021-ൽ മറുപടിയ്ക്ക്**

## ഷിഗെല്ല രോഗനിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം<br>ഡോ.എം.കെ. മുനീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. സി. മമ്മൂട്ടി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എവിടെയെല്ലാം ഷിഗെല്ല രോഗം പടർന്നുപിടിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | എ) സംസ്ഥാനത്ത് മലപ്പുറം, കണ്ണൂർ, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലാണ് ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| ബി) രോഗകാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | ബി) കോഴിക്കോട് ജില്ലയിൽ ഷിഗെല്ല രോഗം ഉണ്ടായ സ്ഥലങ്ങളിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ട്. അവർ കണ്ടെത്തിയിട്ടുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നു.<br>1. കോഴിക്കോട് ഷിഗെല്ല രോഗബാധ സംശയിച്ച 11 വയസ്സുള്ള ഒരു കുട്ടി മരണപ്പെടുകയും ആ കുട്ടിയുടെ മരണാനന്തരചടങ്ങിൽ പങ്കെടുത്തവർക്കാണ് രോഗം സ്ഥിരീകരിച്ചത്. അതിനാൽ മരണപ്പെട്ട കുട്ടി ഇൻഡക്സ് കേസായി പരിഗണിച്ചിട്ടുണ്ട്.<br>2. മരണാന്തര ചടങ്ങുകളിൽ ധാരാളം ആളുകൾ പങ്കെടുക്കുകയും അവർക്ക് ഭക്ഷണം വിളമ്പുകയും ബന്ധു വീടുകളിലേക്ക് ഭക്ഷണം കൊടുത്തു വിടുകയും ചെയ്തിട്ടുണ്ട്.<br>3. മരണവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ പങ്കെടുത്ത ആളുകൾ ആ വീട്ടിൽ നിന്നു ഭക്ഷണവും, തിളപ്പിക്കാത്ത വെള്ളമുപയോഗിച്ച് ഉണ്ടാക്കിയ നാരങ്ങാവെള്ളം കുടിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.<br>4. കുട്ടിയും കൂട്ടുകാരും സ്ഥിരമായി സന്ദർശിക്കുന്ന കടകളിൽ പഴക്കം ചെന്നതും ഡേറ്റ് കഴിഞ്ഞതുമായ സാധനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>5. മരണപ്പെട്ട കുട്ടിക്ക് രോഗബാധ |

| | |
|---|---|
| | കുടിവെള്ളത്തിൽ (കിണറ്റിലെ ജലം) നിന്നും ലഭിച്ചതാകാൻ സാധ്യതയുണ്ട്.<br>എറണാകുളം ജില്ലയിൽ രോഗം ബാധിച്ച ചോറ്റാനിക്കരയിലെ കുടുംബം കുടിവെള്ളമായി ഉപയോഗിക്കുന്നത് കിണറ്റിലെ ജലമാണ്. കൃത്യമായ കാരണം കണ്ടെത്താനുള്ള പരിശ്രമം നടന്നുവരികയാണ്.<br>എറണാകുളം ജില്ലയിലെ വാഴക്കുളം പഞ്ചായത്തിലെ രോഗം സ്ഥിരീകരിച്ച ഗൃഹനാഥൻ 18/12/2020 നു ഒറ്റയ്ക്കും 25/12/2020 നു കുടുംബത്തോടൊപ്പവും കല്ലൂർ, ആലുവ എന്നീ സ്ഥലങ്ങളിലെ ഹോട്ടലുകളിൽ നിന്ന് ഭക്ഷണം കഴിച്ചതായും 27/12/2020 നു കുടുംബസമേതം ചോറ്റാനിക്കരയിലെ തിരുവാങ്കുളം ഭാഗത്തു നിന്നു ഓറഞ്ചും അതേ ദിവസം പെരുമ്പാവൂരിലെ ഒരു ഹോട്ടലിൽ നിന്ന് ഭക്ഷണവും കഴിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. ശരിയായ കാരണം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ കുടുംബത്തിന്റെ കുടിവെള്ള സ്രോതസ്സ് കിണറാണ്.<br>മലപ്പുറം, കണ്ണൂർ ജില്ലകളിൽ രോഗകാരണം കണ്ടെത്താനുള്ള പരിശോധനകൾ നടന്നു വരികയാണ്. |
| **സി)** ഈ രോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | **സി)** ഷിഗെല്ല രോഗബാധ റിപ്പോർട്ട് ചെയ്ത ജില്ലകളിൽ അടിയന്തരമായി ദ്രുതകർമ്മസേന യോഗം കൂടി രോഗം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ പനി, വയറിളക്ക ലക്ഷണങ്ങളുള്ള രോഗികളെ കണ്ടെത്താൻ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും, രോഗലക്ഷണങ്ങൾ ഉള്ളവരെ എല്ലാം പെട്ടെന്ന് തന്നെ കണ്ടെത്തുകയും അവർക്ക് വേണ്ട ചികിത്സ നൽകുകയും ചെയ്തു. പ്രദേശങ്ങളിലെ എല്ലാ കുടിവെള്ള സ്രോതസ്സുകളും superchlorinate ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ജീവനക്കാരുടെ സഹകരണത്തോടെ രോഗബാധിത സ്ഥലങ്ങൾ സന്ദർശിക്കുകയും പരിശോധനയ്ക്കായി ഭക്ഷണസാമ്പിളുകളും കുടിവെള്ള |

സാമ്പിളുകളും ശേഖരിക്കുകയും പരിശോധനയ്ക്ക് അയക്കുകയും ചെയ്തു. പ്രദേശത്തുള്ള എല്ലാ ഭക്ഷണശാലകളും പരിശോധിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾക്കിടയിൽ അവർ പാലിക്കേണ്ട വ്യക്തി ശുചിത്വ-ശീലങ്ങളെപ്പറ്റിയും, തിളപ്പിച്ചാറ്റിയ ജലം മാത്രമേ കുടിക്കാൻ പാടുള്ളൂ എന്നുള്ളതിന്റെയും ഭക്ഷണം അടച്ചു സൂക്ഷിക്കേണ്ടതിനെക്കുറിച്ചുമുള്ള ബോധവൽക്കരണം എന്നിവ വളരെ കൃത്യമായി നൽകിയിട്ടുണ്ട്. രോഗബാധിത പ്രദേശങ്ങളെല്ലാം തന്നെ കർശന നിരീക്ഷണത്തിലാണ്. രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**